കൃഷി ഡിപ്പാർട്ടുമെൻറിലൂടെ കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

811. ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഡിപ്പാർട്ടുമെൻറിലൂടെ കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ;

(ബി) ഇങ്ങനെ നൽകുന്ന ആനുകൂല്യങ്ങൾ, അർഹതയുള്ള കൃഷിക്കാർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സൗജന്യമായി തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നുണ്ടോ ;

(ഡി) 1985-86-ൽ എത്ര തൈകൾ വിതരണം ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി ഡിപ്പാർട്ടുമെൻറ് വഴി കൃഷിക്കാർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നു.

(എ) നെല്ലിന് നൽകുന്നവ

1. സർക്കാർ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കിലോ ഗ്രാമിന് 1 രൂപ 50 പൈസ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിൻറെ ഉൽപ്പാദന ചെലവ് കിലോ ഗ്രാമിന് 4 രൂപ 25 പൈസ മുതൽ 7 രൂപ 30 പൈസ വരെ ആണ്.
2. ദേശീയ വിത്ത് കോർപ്പറേഷനിൽനിന്നും അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ കിലോ ഗ്രാമിന് 3 രൂപ 72 പൈസ നിരക്കിൽ വാങ്ങി 1 രൂപ 50 പൈസ നിരക്കിൽ വിതരണം ചെയ്യുന്നു.
3. പ്രകൃതിക്ഷോഭത്തിനിരയായ സ്ഥലങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിനുവേണ്ടി അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ സൗജന്യമായി വിതരണം നടത്തുന്നു.
4. 100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പൊതുഞാറടി ഉണ്ടാക്കൽ പരിപാടിയനുസരിച്ച് അത്യുൽപ്പാദനശേഷിയുള്ള വിത്തുപയോഗിച്ചുണ്ടാക്കുന്ന ഞാറ് കർഷകർക്ക് വിതരണം നടത്തുന്നു. ഇതിലേക്ക് ഹെക്ടർ ഒന്നിന് 1500 രൂപ സഹായധനം നൽകുന്നു.
5. 100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന മിനികിറ്റ് പദ്ധതിയിൽ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും പുതിയതായി പുറത്തിറക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്കാർക്ക് സൗജന്യമായി വിതരണം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. കാലാകാലങ്ങളിൽ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് സർക്കാർ ഉത്തരവ് നമ്പർ 63/81/കൃഷി അനുസരിച്ച് 300 രൂപക്കുള്ള കാർഷികോപാധികളും സൗജന്യമായി നൽകുന്നു.

7. ചുരുങ്ങിയ പലിശയ്ക്ക് (6.25%) ഹ്രസ്വകാല വായ്പ (നെല്ലിന് ഹെക്ടർ ഒന്നിന് അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങൾക്ക് 1000 രൂപയും മറ്റുള്ളവർക്ക് 500 രൂപയും) നൽകുന്നു.

8. കുട്ടനാടൻ നിലങ്ങളിലും, തൃശ്ശൂർ പൊന്നാനി കോൾനിലങ്ങളിലും വെള്ളം വറ്റിക്കുന്നതിന് ചെലവ് സർക്കാർ വഹിക്കുന്നു.

9. സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിലയുള്ള 25 ശതമാനം സൗജന്യം അനുവദിച്ച് സ്പ്രേയറുകൾ വിതരണം ചെയ്യുന്നു.

10. കുട്ടനാട്ടിലെയും തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിലെയും 5 ഹെക്ടറിനു താഴെ കൈവശഭൂമിയുള്ള കൃഷിക്കാർക്ക് രാസവളത്തിന് 25 ശതമാനം സബ്സിഡി അനുവദിക്കുന്നു. (ഹെക്ടറിന് 100 രൂപ)

11. വിള ഇൻഷുറൻസ് പദ്ധതി അനുസരിച്ച് പ്രീമിയം സബ്സിഡി നൽകുന്നു. ($66\frac{2}{3}$%)

12. പെട്ടെന്നുണ്ടാകുന്ന കീടരോഗബാധ നിയന്ത്രിക്കുന്നതിന് കുട്ടനാടൻ നിലങ്ങളിലെയും മറ്റു കോൾ നിലങ്ങളിലെയും കൃഷിക്കാർക്ക് സഹായധനം നൽകി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നു.

(ബി) തെങ്ങ്

1. നല്ലയിനം തെങ്ങിൻതൈകളും സങ്കരയിനം തെങ്ങിൻ തൈകളും സാധാരണ ഇനങ്ങൾക്ക് 10 രൂപയും സങ്കരയിനങ്ങൾക്ക് 12.50 രൂപയും ക്രമത്തിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു.

2. സങ്കരയിനം തെങ്ങിൻതൈകൾ പരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു.

3. മിനികിറ്റ് പരിപാടി അനുസരിച്ച് ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും സൗജന്യ വിതരണം നടത്തുന്നു.

4. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് വളം, മരുന്ന് തുടങ്ങിയവയ്ക്ക് വരുന്ന ചെലവുകൾക്ക് പ്രദർശനത്തോട്ടം (43 തെങ്ങ് എന്ന കണക്കിൽ) പരമാവധി 250 രൂപ സഹായധനം നൽകുന്നു.

5. രോഗംവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങ് ഒന്നിന് 75 രൂപ സഹായധനം നൽകുന്നു.

6. വെട്ടിമാറ്റുന്ന തെങ്ങുകൾക്കുപകരം വെയ്ക്കുന്നതിന് ഒന്നിന് വിലയുടെ 50 ശതമാനം സൗജന്യം അനുവദിച്ച് തൈകളും അവയ്ക്ക് തുടർച്ചയായി 3 കൊല്ലം വേണ്ട രാസവളങ്ങളും പകുതി വിലയ്ക്ക് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പയർ, എണ്ണക്കുരുക്കൾ

1. പയർ കൃഷി പ്രചരിപ്പിക്കുന്നതിന് കിലോഗ്രാമിന് 2 രൂപ സഹായധനം നൽകുന്നു.
2. പയർ കൃഷി പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് വളം, വിത്ത് കീടനാശിനികൾ എന്നിവയ്ക്കായി 375 രൂപ ധനസഹായം നൽകുന്നു.
3. പയർ കൃഷിക്കാർക്ക് 50 ശതമാനം സൗജന്യം അനുവദിച്ച് സ്പ്രേയറുകൾ അനുവദിക്കുന്നു.
4. മിനികിറ്റ് പദ്ധതിയിൻ കീഴിൽ ചെറുകിട നാമമാത്ര കർഷകർക്ക് എള്ള്, നിലക്കടല, പയർ വിത്തുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു.

(ഡി) കശുമാവ്

1. തേയില കൊതുകിനെതിരായി സൗജന്യമായി മരുന്നു തളി നടത്തുന്നു.
2. കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 900 രൂപ ധനസഹായം നൽകുന്നു.
3. കശുമാവ് കൃഷി പ്രദർശന തോട്ടങ്ങൾ ഏർപ്പെടുത്തുന്നതിന് തോട്ടം ഒന്നിന് (0.8 ഹെക്ടർ) 500 രൂപ ധനസഹായം അനുവദിക്കുന്നു.

(ഇ) ഹരിജന ഗിരിജന ക്ഷേമ പദ്ധതികൾ

1. കാർഷികാഭിവൃദ്ധിക്കായി വിത്ത്, വളം, നടീൽ വസ്തുക്കൾ, ജലസേചന സൗകര്യം ഏർപ്പെടുത്താൻ മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കും, കൃഷി ആയുധങ്ങൾ, സ്പ്രേയറുകൾ എന്നിവയ്ക്ക് 100 ശതമാനം ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും അനുവദിക്കുന്നു.
2. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ടെലിവിഷൻ സെറ്റുകൾ തുടങ്ങിയുള്ള വാർത്താമാദ്ധ്യമങ്ങൾ ലഭ്യമാക്കുന്നതിന് (പൊതുവായി) 100 ശതമാനം ധനസഹായം അനുവദിക്കുന്നു.
3. പച്ചക്കറി പ്രചരിപ്പിക്കുന്നതിന് മിനികിറ്റ് പരിപ്പാടിയിൻകീഴിൽനിന്ന് വിത്ത്, വളം എന്നിവ സൗജന്യ നിരക്കിൽ അനുവദിക്കുന്നു.

(എഫ്) വെള്ളപ്പൊക്കം മൂലം പ്രകൃതിക്ഷോഭങ്ങൾ

ഇതിൻപ്രകാരം നാശനഷ്ടങ്ങൾ സംഭവിച്ച കൃഷിക്കാർക്ക് സർക്കാർ ഉത്തരവ് 63/81/കൃഷി പ്രകാരം പ്രത്യേക ധനസഹായം അനുവദിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 203609 എണ്ണം. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

തിരുവനന്തപുരം	..	34538
കൊല്ലം		8283
പത്തനംതിട്ട	..	3680
ആലപ്പുഴ	..	4100
കോട്ടയം	..	8933
ഇടുക്കി	..	11800
എറണാകുളം	..	15379
തൃശ്ശൂർ	..	6000
പാലക്കാട്	..	42163
മലപ്പുറം	..	16500
കോഴിക്കോട്	..	12150
വയനാട്	..	17178
കണ്ണൂർ	..	11539
കാസർകോട്	..	11366
ആകെ	..	203609

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് മണ്ണാലിപ്പ് തടയുന്നതിന് അനുവദിച്ച രൂപ

812. ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മണ്ണാലിപ്പ് തടയുന്നതിന് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള തുകയെത്ര ?

ഉത്തരം

2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
ജില്ല തിരിച്ചുള്ള തുക താഴെ കൊടുത്തിരിക്കുന്നു.

കൊല്ലം	..	3.10 ലക്ഷം
പത്തനംതിട്ട	..	3.00 ,,
ആലപ്പുഴ	..	86.00 ,,
കോട്ടയം	..	5.70 ,,
ഇടുക്കി	..	34.25 ,,
എറണാകുളം	..	33.00 ,,
തൃശ്ശൂർ	..	36.20 ,,
പാലക്കാട്	..	1.00 ,,
മലപ്പുറം	..	21.50 ,,
കോഴിക്കോട്	..	4.25 ,,
കണ്ണൂർ	..	15.00 ,,
കാസർകോട്	..	7.00 ,,
ആകെ	..	200.00 ,,

LIBRARY ARCHIVES Kerala Legislative Assembly